# ആത്മാർത്ഥമായ സ്നേഹം

യോഹന്നാൻ 20:1

'ആഴ്ചവട്ടത്തിൽ ഒന്നാംനാൾ മഗ്ദലനക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നേ കല്ലറയ്ക്കൽ ചെന്നു കല്ലറ വായ്ക്കൽനിന്നു കല്ല് നീങ്ങിയിരിക്കുന്നതു കണ്ടു.'

Read John 20:11-17 see below..

കർത്താവിനെ കല്ലറയിൽ വെച്ചിട്ട് സകലരും പോയികഴിഞ്ഞിരിക്കുന്നു. എന്നാൽ മറിയ യുടെ ഹൃദയം അവരിൽനിന്ന് ഒക്കെ വ്യത്യസ്തമായിരുന്നുവെന്ന് നമുക്ക് കാണാം. കർത്താവിനെ വിട്ടുകഴിഞ്ഞപ്പോൾ, അവൾ ഒറ്റയ്ക്കായി. യേശുവിന്റെ സാന്നിദ്ധ്യം ഇല്ലെന്നറിഞ്ഞ അവളുടെ ഹൃദയം ദുഃഖംകൊണ്ട് നിറഞ്ഞു. അവനെ വീണ്ടും ഒന്ന് കാണാ നുള്ള ആഗ്രഹം വർദ്ധിച്ചു. ആ ദാഹത്തോടെ അതിരാവിലെ ഒരുക്കിയ സുഗന്ധവർഗ്ഗവും എടുത്തുകൊണ്ട് കല്ലറവാതിൽക്കൽ ഓടി എത്തി. അതേ, അതിരാവിലെ തുടങ്ങിയ പ്രയത്നം.

യേശുവിന്റെ കല്ലറയ്ക്കൽ എത്തുന്ന മറിയയുടെ ദുഃഖഭാരം വീണ്ടും അതിഭയങ്കരമാകുന്നു. ഒഴിഞ്ഞ കല്ലറ കണ്ടപ്പോൾ ഇനിയും താൻ ഒറ്റയ്ക്കാണെന്ന ചിന്ത അവളെ കൂടുതൽ വ്യസനിപ്പിച്ചു. കരഞ്ഞും, ഭാരപ്പെട്ടും ഇരിക്കുന്ന മറിയയുടെ കണ്ണുകൾ അടുത്ത നിമിഷം തന്നെ അത്ഭുതത്തോടെ വിടരുന്നത് കാണുവാൻ നമുക്ക് കഴിയും. പരിചിതമായ തന്റെ ഗുരുവിന്റെ അതേ ശബ്ദം, ''സ്ത്രീയേ നീ കരയുന്നതെന്ത്? നീ ആരെയാണ് തിരയുന്നത്. തോട്ടക്കാരനെന്ന് തെറ്റിദ്ധരിച്ച് നോക്കുന്ന മറിയയുടെ സ്നേഹത്തിന്റെ പ്രകടനങ്ങൾ നമുക്ക് ഇവിടെ ദർശിക്കാം. അതേ, സർവ്വവും മറന്ന് തന്റെ ഗുരുവിന്റെ പാദങ്ങളിൽ വീഴാൻ വെമ്പൽകൊള്ളുന്ന ഹൃദയം.

ഈ നിമിഷമാണ് മറിയയുടെ ജീവിതത്തിന്റെ ഏറ്റം പ്രധാനപ്പെട്ടത് എന്ന് മനസ്സിലാക്കാം. കർത്താവായ യേശു അവളുടെ നിയോഗം എന്തെന്ന് അറിയിക്കുന്നു അഥവാ ഉയർപ്പിന്റെ ദൂതുവാഹിയാകുന്ന വലിയ ദൗത്യം അവൾക്ക് കൊടുക്കുന്നു. ആനന്ദകരവും മഹത്വകരവു മായ ദൗത്യവുമായി വീണ്ടും സഹോദരങ്ങളുടെ അടുക്കലേക്ക് അവൾ ഓടി.

നിറഞ്ഞ മിഴികളോടെ അവൾ യേശുവിനെ തേടി അതിരാവിലെ, ഇരുട്ടുള്ളപ്പോൾ തന്നെ ഇറങ്ങിതിരിച്ചു. അതുകൊണ്ട് വലിയ ദൗത്യത്തിന്റെ ദർശനം തന്റെ ഗുരുവിൽനിന്ന് ആദ്യം

ലഭിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. അങ്ങനെയെങ്കിൽ, കഴിവതുംവേഗം, ജീവിതത്തിന്റെ ഇരുളടഞ്ഞതെന്നുതോന്നുന്ന സമയത്തുതന്നെ, ആഗ്രഹത്തോടെ കർത്താവിനെ തേടുക. കിട്ടിയ രക്ഷയുടെ സന്തോഷം നഷ്ടപ്പെട്ടുപോയ ജീവിതത്തിന്റെ കയ്പും നിരാശാജനകവു മായ എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടെങ്കിൽ, നഷ്ടപ്പെട്ടുപോകാതെ നഷ്ടപ്പെട്ടു പോകാതെ തക്ക സമയത്ത് അവനെ തിരയുക. ഇരുട്ട് ജീവിതത്തിന്റെ അനിശ്ചിതത്വവും, പ്രശ്ന പൂർണ്ണവും, പ്രകാശരഹിതവും, ഏകാന്തതയും ഏറിയ അനുഭവങ്ങളെ ഭീതിയോടെ കാണി ക്കുന്നു. എന്നാൽ അവനെ തക്കസമയത്ത് കണ്ടെത്തുന്നവർക്ക്, അന്വേഷിച്ചുപിടിക്കുന്ന വർക്ക് സ്വർഗ്ഗീയപ്രകാശത്തിന്റെ ദർശനം ലഭിക്കുന്നുവെന്ന് മറിയയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

അതുപോലെതന്നെ കർത്താവിന്റെകൂടെ അവന്റെ കഷ്ടാനുഭവത്തിന്റെ അവസാനംവരെ ശുഷ്കാന്തിയോടെ പിന്തുടർന്ന ഒരു ജീവിതമായിരുന്നല്ലോ മറിയയുടേത് എന്ന് കാണാം. അതേ, അധികം മോചിച്ചു കിട്ടിയവൾ അധികം സ്നേഹിച്ചു. ഏഴു ഭൂതങ്ങളിൽനിന്ന് തന്നെ വിടുവിച്ചവൻ, സമൂഹത്തിൽ അംഗീകാരം നേടിതന്നവൻ. യേശു ജീവിച്ചിരുന്നപ്പോൾ തന്നെ അവനെ സ്നേഹിച്ചും, ആരാധിച്ചും, ആരാധനയുടെ പരിമളതൈലം പുറപ്പെടുവിച്ച വളും ആയ മറിയ ഒരു ആത്മീയ സത്യത്തിലേക്ക് നമ്മെ തിരിക്കുന്നു. യേശുവിനോടുള്ള സ്നേഹം ആത്മാർത്ഥമെങ്കിൽ അത് സ്ഥിരമായിരിക്കും. കാര്യലാഭാധിഷ്ഠിതമായിരുന്നില്ല ആ ബന്ധം. അനുഗ്രഹങ്ങളുടെ പേരിൽ മാത്രമുള്ളതായിരുന്നെങ്കിൽ, അവൾ കർത്തൃ സാന്നിധ്യം നഷ്ടപ്പെട്ടപ്പോൾ ഇരുളടഞ്ഞ ഹൃദയത്തിന്റെ ഭാരവുമായി അതിരാവിലെ കല്ലറയ്ക്കൽ എത്തില്ലായിരുന്നു. അതേ, തന്നെതന്നെ തകർത്ത്, സുഗന്ധപരിമളമായി, പാനീയയാഗമായി അർപ്പിച്ച സ്നേഹം.

കല്ലറ ഭയാജനകമായ അന്തരീക്ഷം കാണിക്കുമ്പോൾ ഇവിടെ കർത്താവിന്റെ കല്ലറ അവൾക്ക് പ്രിയപ്പെട്ടതാകുന്നു. ക്രിസ്തുവിനോടുള്ള സ്നേഹം മരണഭീതിയും കല്ലറയോടുള്ള ഭയവും ഇല്ലാതാക്കുന്നു. മരണഭയത്തെ അതിജീവിച്ച സ്നേഹത്തിന്റെ ആരാധികയ്ക്ക്, മരണത്തെ ജയിച്ച കർത്താവിന്റെ ദർശനസൗഭാഗ്യമാണ് ലഭിച്ചത്.

കർത്താവിനെ തേടിയിറങ്ങിയ മറിയ മറ്റു പ്രതിസന്ധികളൊന്നും നോക്കിയില്ല. അവൾ ഉദ്വേഗത്തോടെ ഓടി. തടസ്സം, കല്ലറ വാതിൽക്കലെ കല്ല് ആയിരുന്നു. അതും നീക്കപ്പെ ട്ടിരുന്നു. രക്ഷയുടെ കിണറായി ഒഴിഞ്ഞ കല്ലറയും, യേശു അതിൽനിന്ന് ഒഴുകുന്ന നീരുറവയും ആയി അവൾ ഏറ്റെടുത്തു. അങ്ങനെയെങ്കിൽ മറിയയെപ്പോലെ യേശുവിന്റെ സാന്നിദ്ധ്യത്തിനായി ഓരോദിവസവും അതിവേഗത്തോടെ അവന്റെ അടുക്കൽ ചെല്ലാം. അവൾ കർത്താവിനെ പിന്തുടർന്നപോലെ അവസാനംവരെ സ്ഥിരമായ സ്നേഹത്തോടെ,

നമ്മെത്തന്നെ തകർത്ത് പരിമളതൈലമായി അവന്റെ കാൽക്കൽ വീഴാം. മറ്റാരേക്കാളും അധികം മരിച്ചവരിൽനിന്നും ആദ്യം ജനിച്ചവനെ എതിരേൽക്കാനുള്ള ഭാഗ്യം മറിയയ്ക്കു ലഭിച്ചു. അവളുടെ അനുഭവം എല്ലാവർക്കും മാതൃകയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :

യോഹന്നാൻ 20:11 - 17

11 എന്നാൽ മറിയ കല്ലറക്കൽ പുറത്തു കരഞ്ഞുകൊണ്ടു നിന്നു. കരയുന്നിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞുനോക്കി.

12 യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലെക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നതു കണ്ടു.

13 അവർ അവളോടു: സ്ത്രീയേ, നീ കരയുന്നതു എന്തു എന്നു ചോദിച്ചു. എന്റെ കർത്താവിനെ എടുത്തു കൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല എന്നു അവൾ അവരോടു പറഞ്ഞു.

14 ഇതു പറഞ്ഞിട്ടു അവൾ പിന്നോക്കം തിരിഞ്ഞു, യേശു നിലക്കുന്നതു കണ്ടു; യേശു എന്നു അറിഞ്ഞില്ല താനും.

15 യേശു അവളോടു: സ്ത്രീയേ, നീ കരയുന്നതു എന്തു? ആരെ തിരയുന്നു എന്നു ചോദിച്ചു. അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ടു അവൾ: യജമാനനേ, നീ അവനെ എടുത്തുകൊണ്ടു പോയി എങ്കിൽ അവനെ എവിടെ വെച്ചു എന്നു പറഞ്ഞുതരിക; ഞാൻ അവനെ എടുത്തു കൊണ്ടുപൊയ്ക്കൊള്ളാം എന്നു അവനോടു പറഞ്ഞു.

16 യേശു അവളോടു: മറിയയേ, എന്നു പറഞ്ഞു. അവൾ തിരിഞ്ഞു എബ്രായഭാഷയിൽ: റബ്ബൂനി എന്നു പറഞ്ഞു;

17 അതിന്നു ഗുരു എന്നർത്ഥം. യേശു അവളോടു: എന്നെ തൊടരുതു; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറക എന്നു പറഞ്ഞു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 009